# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1545** **05.12.2014-ൽ മറുപടിക്ക്**

## പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ.കെ. ലതിക** | **ശ്രീ. കെ. സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)** |
| എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഏകദേശം 12,56,07,108/- (പന്ത്രണ്ട് കോടി അമ്പത്തിയാറ് ലക്ഷത്തി ഏഴായിരത്തി ഒരുന്നൂറ്റി എട്ട്) രൂപയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്. |
| ബി) ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് പരസ്യങ്ങൾ നൽകിയിട്ടുള്ളതെന്നും, ഓരോ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള പരസ്യങ്ങളുടെ തുകയും വിശദമാക്കുമോ? | ബി) മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങൾക്കും, ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും കൂടാതെ ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക നിരക്കിൽ മറ്റ് പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. ദിനപത്രങ്ങൾക്ക് 11,95,35,788/- (പതിനൊന്നു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുന്നൂറ്റി എൺപത്തി എട്ട്) രൂപയുടെ പരസ്യങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് 23,71,320/- (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മുന്നൂറ്റി ഇരുപത്) രൂപയുടെ പരസ്യങ്ങളും, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് 37,00,000/- (മുപ്പത്തി ഏഴ് ലക്ഷം) രൂപയുടെ പരസ്യങ്ങളും പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**